# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1456 08/02/2013 ൽ മറുപടിക്ക്

**പാലിയേക്കരയിലെ ടോൾ നിരക്ക് കുറയ്ക്കലും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കലും.**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പു മന്ത്രി) |
| (എ) എൻ.എച്ച്. 47 പാലിയേക്കരയിലെ ടോൾ നിരക്ക് കുറയ്ക്കുന്നതിനും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും മുഖ്യമന്ത്രിയുടെയും പൊതുമരാമത്ത് വകുപ്പ മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | (എ) & (ബി) | ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത ജനപ്രതിനിധികളുടെ യോഗത്തിൽ ടോൾ പിരിക്കുന്ന കാലാവധി വർദ്ധിപ്പിച്ചുകൊണ്ട് ടോൾ നിരക്ക് കുറയ്ക്കുന്ന കാര്യം പരിഗണിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും അതനുസരിച്ച് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിനെയും സമീപിച്ചുവെങ്കിലും, 'കൺസഷണയർ എഗ്രിമെന്റ്' പ്രകാരം അത് പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് അവർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. യോഗതീരുമാന പ്രകാരം പൂർത്തിയാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നല്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ